**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2735** **24-06-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്ക് ജീവനക്കാർക്ക് പെൻഷൻ പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (എ) | 14.03.1995-ലെ ജി.ഒ(പി)നം.44/95/സഹ ഉത്തരവ് പ്രകാരം 03.06.1993 മുതൽ പ്രാബല്യം നൽകി കേരള സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി നിലവിൽ വരികയും പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് രൂപീകരിക്കുകയുമുണ്ടായി. പെൻഷൻ ഫണ്ടിന്റെ കൈകാര്യവും നടത്തിപ്പ് ചുമതലയും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിന് അംഗീകാരം നൽകുന്നതും 15 അംഗ ഭരണ സമിതിയാണ്. ഭരണ സമിതിയിലെ ഒരു അംഗത്തെ ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു. |
| (ബി) | എല്ലാ ജീവനക്കാർക്കും ഒരേ പെൻഷൻ പദ്ധതിയാണോ നിലവിലുള്ളത്; വിശദാംശം നൽകുമോ; | (ബി) | പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി, ഇതര സഹകര സംഘങ്ങളിലെ ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി, സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി എന്നിവ നിലവിലുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി, 1994 പ്രകാരം 01.01.1974 മുതൽ വിരമിച്ച ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ട്. സഹകരണ സംഘം രജിസ്ട്രാറിന്റെ കീഴിലുള്ള എല്ലാ പ്രൈമറി, റീജിയണൽ, സെൻട്രൽ, അപ്പെക്സ് സ്ഥാപനങ്ങൾക്കും സഹകരണേതര വകുപ്പുകളായ കയർ, ക്ഷീരം, കൈത്തറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, ഫിഷറീസ്, ഇൻഡസ്ട്രീസ് വകുപ്പുകളുടെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കും കൂടാതെ സഹകരണ നിയമ പ്രകാരം രൂപീകരിച്ച വിവിധ ബോർഡുകൾക്കും ഈ പദ്ധതി ബാധകമാണ്. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി, |

| | | | |
|---|---|---|---|
| | | | 2005 പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് (നിലവിൽ കേരള ബാങ്ക്) 01.01.1974 മുതൽ വിരമിച്ചവർക്ക് പെൻഷന് അർഹതയുണ്ട്. |
| (സി) | ഏത് പെൻഷൻ സ്കീമിൽ ചേരണമെന്ന വിഷയത്തിൽ ബാങ്കിന് സ്വന്തമായി തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുമോ; വിശദാംശം നൽകുമോ; | (സി) | ഏത് പെൻഷൻ സ്കീമിൽ ചേരണമെന്ന വിഷയത്തിൽ ബാങ്കിന് സ്വന്തമായി തീരുമാനം കൈക്കൊള്ളുവാൻ സാധിക്കില്ല. സഹകരണ സ്ഥാപനം ഏത് വിഭാഗത്തിലാണോ ഉൾപ്പെട്ടിട്ടുള്ളത് ടി വിഭാഗത്തിൽപ്പെട്ടവർക്ക് ബാധകമായിട്ടുള്ള പെൻഷൻ സ്കീമിൽ മാത്രമേ അംഗമാകാൻ സാധിക്കുകയുള്ളൂ.<br><br>ഇ.പി.എഫ്.-ൽ അംഗമായിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സഹകരണ പെൻഷൻ പദ്ധതിയിൽ അംഗമാകുന്നതിനായി ഇ.പി.എഫ്.-ലെ പെൻഷൻ പദ്ധതിയിൽ നിന്നും ഇളവനുവദിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള സ്ഥാപനങ്ങൾ ഇ.പി.എഫ്.-ൽ നിന്നും വിടുതൽ ചെയ്ത് സഹകരണ പെൻഷൻ പദ്ധതിയിൽ ചേരേണ്ടതാണ്. നിലവിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളെ ഇ.പി.എഫ്. പദ്ധതിയിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളതിനാൽ ഇ.പി.എഫ്. പദ്ധതിയിൽ അംഗമാകാൻ സാധിക്കുകയില്ല. |
| (ഡി) | ജീവനക്കാരിൽ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത വിഭാഗങ്ങളുണ്ടോ; എങ്കിൽ അവരെക്കൂടി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഡി) | കേരള സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി, 1994 പ്രകാരം സംസ്ഥാനത്തെ മുഴുവൻ പ്രൈമറി, റീജിയണൽ, സെൻട്രൽ, അപ്പെക്സ് സ്ഥാപനങ്ങൾക്ക് സഹകരണ പെൻഷൻ പദ്ധതി ബാധകമാണ്. എന്നാൽ നേരത്തെ ഇ.പി.എഫ്. പെൻഷൻ പദ്ധതിയിൽ അംഗമായിരുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സഹകരണ പെൻഷൻ പദ്ധതിയിലേക്ക് മാറുന്നതിന് ഇ.പി.എഫ്. നിയമപ്രകാരം ഇളവനുവാദം (Exclusion or Exemption) ആവശ്യമാണ്.<br><br>എന്നാൽ ഇ.പി.എഫ്.-ന്റെ പരിധിയിൽപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങളേയും സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളേയും മാത്രമാണ് ഇ.പി.എഫ്.-ന്റെ പരിധിയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളത്. ഇ.പി.എഫ്. -ന്റെ പരിധിയിൽ നിന്നും ഇളവ് ലഭിച്ചാൽ മാത്രമേ മറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കാൻ സാധിക്കുകയുള്ളൂ.<br><br>കൂടാതെ കയർ, ക്ഷീരം, കൈത്തറി, ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, ഫിഷറീസ്, ഇൻഡസ്ട്രീസ് തുടങ്ങിയ ഇതര സഹകരണ സംഘങ്ങൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിവിധ |

| | | | |
|---|---|---|---|
| | | | പ്രൈമറി സംഘങ്ങൾക്കും പെൻഷൻ പദ്ധതി ബാധകമാണെങ്കിലും ടി വിഭാഗത്തിൽപ്പെട്ട നിരവധി സംഘങ്ങൾ പദ്ധതിയിൽ ചേരാതെ ബാക്കി നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അർഹരായ സംഘങ്ങളേയും ജീവനക്കാരേയും സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വിവിധ ജില്ലകളിൽ പെൻഷൻ ബോർഡ് അദാലത്ത് നടത്തുകയും ഇതര സഹകരണ സംഘങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>നാളിതുവരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരെ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പെൻഷൻ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി സ്പോട്ട് അഡ്മിഷൻ സംഘടിപ്പിക്കാറുണ്ട്. ടി പ്രോഗ്രാമിന്റെ ഭാഗമായി നിരവധി സംഘങ്ങൾ സഹകരണ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ